"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഹോമിയോപ്പതി വകുപ്പ് - പാലക്കാട് ജില്ലയിലെ പുതുപരിയാരം സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ശ്രീമതി കൃപ എ.കെ.-യ്ക്ക് പഠനാവശ്യത്തിനായി ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.17/2026/AYUSH തീയതി, തിരുവനന്തപുരം, 10-01-2026

---

പരാമർശം:- (1) സ.ഉ.(സാധാ)നം.282/2020/ആയുഷ് തീയതി 14/07/2020.

(2) ശ്രീമതി കൃപ എ.കെ. സമർപ്പിച്ച 23/01/2025-ലെ അപേക്ഷ.

(3) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 25/03/2025, 23/12/2025 എന്നീ തീയതികളിലെ DHTVM/485/2025-EA5 - നമ്പർ കത്തുകൾ.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ പുതുപരിയാരം സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ശ്രീമതി കൃപ എ.കെ.-യ്ക്ക് പഠനാവശ്യത്തിനായി 25/09/2019 മുതൽ 23/03/2025 വരെ പരാർശം-(1) ഉത്തരവ് പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയ്ക്ക് തുടർച്ചയായി 24/03/2025 മുതൽ 24/10/2025 വരെ 215 ദിവസങ്ങളിലേയ്ക്കു കൂടി ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകണമെന്നാവശ്യപ്പെട്ട് പരാമർശം-(2) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷ മേൽ നടപടികൾക്കായി പരാമർശം-(3) പ്രകാരം ഹോമിയോപ്പതി വകുപ്പ് മേധാവി സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം-(3) പ്രകാരം ലഭ്യമാക്കിയ രേഖകളുടേയും, വസ്തുതകളുടേയും വെളിച്ചത്തിൽ, പാലക്കാട് ജില്ലയിലെ പുതുപരിയാരം സർക്കാർ ഹോമിയോ

ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ശ്രീമതി കൃപ എ.കെ.-യ്ക്ക് സൂചന-(1) ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന അവധിക്ക് തുടർച്ചയായി, **24/03/2025** മുതൽ **24/10/2025** വരെ പ്രസ്തുത കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം-I, ചട്ടം 88 പ്രകാരം പഠനാവശ്യത്തിനായി ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിസ്സാർ .എ

അണ്ടർ സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം.
2. ശ്രീമതി കൃപ എ.കെ., ഫാർമസിസ്റ്റ്, സർക്കാർ ഹോമിയോ ഡിസ്പെൻസറി, പുതുപരിയാരം, പാലക്കാട്. (ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ കാര്യാലയം മുഖാന്തിരം)
3. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), പാലക്കാട്.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
5. ധനകാര്യ (ഹെൽത്ത്-ബി) വകുപ്പ്. (15/12/2025-ലെ E 1412356/HLT-B3/10/2020-FIN - നമ്പർ കുറിപ്പ് പ്രകാരം)
6. വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
7. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്. (AYU-C2/52/2025-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 12-01-2026 10:16:14

സെക്ഷൻ ഓഫീസർ.